## 513

*രീതി: ക്രിസ്തുവിന്റെ ദാനം*

1 ജീവനദി ശബ്ദം മുഴങ്ങിടുന്നു സകലത്തിൻമേലും ജയം കൊള്ളുന്നു
പാപവാഴ്ച നീക്കി ഭരിച്ചു തന്റെ പാവനമാം ശക്ത്യാ ജയം നൽകുന്നു

യഹോവയിൽ തന്റെ ബലം വയ്പവൻ
സഹായത്തിനൊന്നും കരുതേണ്ടിനി

2 വിശ്വാസത്താലത്രേ രക്ഷിതനായ് ഞാൻ
ആശ്വസിപ്പാനിത്രയ്ക്കരുളിയവൻ
നിശ്വസിത വാക്കാൽ നിറച്ചു തന്റെ
നിയമത്തിനുള്ളിൽ നിലയേകിനാൻ-

3 പുതുനിയമത്തിൻ രക്തമെന്നുടെ വിധുരത നീക്കി ഗതിയേകി മേ
അതിവിശുദ്ധാത്മാ പകർന്നെപ്പോഴും മതിയിങ്കൽ വാഴുന്നവൻ ദയയാ-

4 തൻതിരുവാഗ്ദത്തമോർത്തിടുമ്പോഴെൻ
വെന്തുരുകും ചിത്തം മകിഴ് കൊള്ളുന്നു
ബന്ധുവവനെന്നെ ചന്തമായ് കാത്തു
തൻതിരുഭാഗ്യത്തിൻ പങ്കു നൽകുന്നു-

5 കടൽ മദ്ധ്യത്തിൽ ഞാൻ കിടക്കുകിലും
തടവില്ല തൻകൈ നടത്തുമെന്നെ
തിരമാലയേറി താഴ്ത്തുവാൻ വന്നാൽ
തിരുക്കൈയെ നീട്ടി ചേർത്തുകൊള്ളും താൻ-

6 അന്ധകാരം തിങ്ങുമിദ്ധരെ വൻതിരകളെന്നെ ചൂഴ്ന്തുവരവേ
അന്ധകാര മദ്ധ്യേ ഞാൻ കരയുമ്പോൾ
സന്താപത്തെ നീക്കാൻ താനൊരുങ്ങിടും-

**K.V.S.**